# A

**21720** **120 MINUTES**

1. രാമായണകഥയെ അടിസ്ഥാനമാക്കി മലയാളത്തിൽ രചിക്കപ്പെട്ട ഏതു കൃതിയിലാണ് 'പാതാളരാവണവധം' കാണുന്നത്?
   A) രാമചരിതം B) കണ്ണശ്ശരാമായണം
   C) രാമകഥപ്പാട്ട് D) അധ്യാത്മരാമായണം

2. 'വേലമഹാഭാരതം' എന്ന നാടോടി ഗാനകാവ്യത്തെ ആസ്പദമാക്കി 'നിഴൽക്കൂത്ത്' എന്ന ആട്ടക്കഥ രചിച്ചതാര്?
   A) പന്നിശ്ശേരി നാണുപിള്ള B) വി. കൃഷ്ണൻതമ്പി
   C) വയസ്കരമൂസ്സ് D) കൊട്ടാരത്തിൽ ശങ്കുണ്ണി

3. മലയാളഭാഷയെ സംബന്ധിച്ചിടത്തോളം കോമാട്ടിൽ അച്യുതമേനോൻ നൽകിയ പ്രധാന സംഭാവന എന്താണ്?
   A) ഉത്തരകേരളത്തിലെ നാടൻപാട്ടുകൾ സമാഹരിച്ചു
   B) പച്ചമലയാളപ്രസ്ഥാനത്തിൽപ്പെട്ട കൃതികൾ രചിച്ചു
   C) പഴഞ്ചൊല്ലുകൾ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തി
   D) സ്ഥലനാമപഠനത്തിന് അടിത്തറയിട്ടു

4. "ഇത് സാഹിത്യമാണെങ്കിൽ ഭരണിപ്പാട്ട് ഭഗവദ്ഗീതയാണ്" വൈക്കം മുഹമ്മദ് ബഷീറിന്റെ 'ശബ്ദങ്ങ'ളെക്കുറിച്ച് ഇങ്ങനെ പറഞ്ഞതാര്?
   A) സുകുമാർ അഴീക്കോട് B) എ.ബി. രഘുനാഥൻ നായർ
   C) എസ്. ഗുപ്തൻ നായർ D) എം. അച്യുതൻ

5. എം. രാഘവൻ രചിച്ച 'നങ്കീസ്' എന്ന നോവലിൽ ആവിഷ്കൃതമാകുന്നത്
   A) ഹിജഡകളുടെ ജീവിതം
   B) മയ്യഴിയുടെ സങ്കരസംസ്കാരം
   C) കേരളത്തിലെ പോർച്ചുഗീസ് ആധിപത്യം
   D) കപ്പിത്താന്റെ കടൽയാത്രാനുഭവം

6. മഹാഭാരതത്തിലെ മഹാപ്രസ്ഥാനത്തിന്റെ കഥയുമായി സാധർമ്മ്യമുള്ള നാടകം ഇവയിൽ ഏതാണ്?
   A) ഉദ്യോഗപർവം B) നഷ്ടസ്വർഗം
   C) കറുത്ത ദൈവത്തെ തേടി D) ഭരതവാക്യം

7. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ രചിച്ച രാമായണാധിഷ്ഠിതനാടകമാണ് :
   A) സീതാസ്വയംവരം B) പാദുകപട്ടാഭിഷേകം
   C) ബാലിവിജയം D) ചെങ്കോലും മരവുരിയും

8. കഥകളി ആചാര്യനായ ചേമഞ്ചേരി കുഞ്ഞിരാമൻ നായർ അഭിനയിച്ച മലയാള സിനിമ ഇവയിൽ ഏതാണ്?
   A) മുഖംമൂടികൾ B) വാനപ്രസ്ഥം
   C) കമലദളം D) ഭ്രഷ്ട്

9. മുടിയേറ്റിലെ കഥാപാത്രം അല്ലാത്തത് ഏത്?

A) കോയിമ്പിടാരർ B) ഇട്ടിക്കണ്ടപ്പൻ

C) നാരദൻ D) ശിവൻ

10. കാര്യം: കഥകളിയിലെപ്പോലെ കൃഷ്ണനാട്ടത്തിൽ പാട്ട് ആവർത്തിച്ചു പാടാറില്ല.
കാരണം: 1. പദംപ്രതിയുള്ള അഭിനയം കൃഷ്ണനാട്ടത്തിൽ ആവശ്യമില്ല
2. പാട്ട് ആവർത്തിച്ചുപാടാൻ കൃഷ്ണനാട്ടത്തിൽ പിന്നണിപ്പാട്ടുകാരില്ല

A) കാര്യവും കാരണം 1 ഉം ശരി

B) കാര്യവും കാരണം 1 ഉം, 2 ഉം ശരി

C) കാര്യവും കാരണം 2 ഉം ശരി

D) കാര്യവും കാരണങ്ങളും തെറ്റ്

11. വേണാട്ടുരാജാക്കന്മാരുടെ വാസസ്ഥാനമായിരുന്ന കൊല്ലം പനങ്കാവിൽ കൊട്ടാരത്തെപ്പറ്റി പരാമർശിക്കുന്ന ആദ്യത്തെ ശാസനം ഏതാണ്?

A) തരിസാപ്പള്ളിശാസനം B) മിത്രാനന്ദപുരം ശാസനം

C) മാമ്പള്ളിശാസനം D) കണ്ടിയൂർശാസനം

12. 'തിരുവിതാംകൂർ തിരുവിതാംകൂറിനുവേണ്ടി' എന്ന മുദ്രാവാക്യം ഏതുമായി ബന്ധപ്പെട്ടതായിരുന്നു?

A) ഈഴവമെമ്മോറിയൽ B) മലയാളി മെമ്മോറിയൽ

C) നിവർത്തനപ്രക്ഷോഭം D) ക്വിറ്റിൻഡ്യാ പ്രസ്ഥാനം

13. സാംസ്കാരിക മേൽക്കോയ്മ (Cultural Hegemony) എന്നത് ആരുടെ സങ്കല്പനമാണ്?

A) ലൂയി അൽത്തൂസർ B) മിഷേൽ ഫൂക്കോ

C) അന്റോണിയോ ഗ്രാംഷി D) നോം ചോസ്കി

14. ഡച്ച് ഈസ്റ്റിന്ത്യാ കമ്പനി സ്ഥാപിതമായ വർഷം

A) 1498 B) 1530 C) 1562 D) 1592

15. മിഖായിൽ ബക്തിൻ ആവിഷ്കരിച്ച സാഹിത്യസിദ്ധാന്തം ഏത്?

A) ഡയലോജിസം B) ഓറിയന്റലിസം

C) നവചരിത്രവാദം D) പോസ്റ്റ്-കൊളോണിയലിസം

16. കെ.പി. അപ്പന്റെ 'ക്ഷോഭിക്കുന്നവരുടെ സുവിശേഷം' എന്ന കൃതിയിൽ പഠനവിധേയരാക്കപ്പെട്ട ഫ്രഞ്ച് എഴുത്തുകാരുടെ ശരിയായ ഗണം ഏത്?

A) സാർത്ര്, കാഫ്ക, കാമു, ഷെനേ

B) അനത്തോളെ ഫ്രാൻസ്, കാഫ്ക, സാർത്ര്, കാമു

C) കാഫ്ക, കാമു, യൊനസ്ക്കോ, ഷെനേ

D) കാമു, കാഫ്ക, സാർത്ര്, കീർക്കേഗാർഡ്

17. പാശ്ചാത്യരുടെ ദുരന്തനാടകസങ്കല്പവുമായി ബന്ധപ്പെട്ട സാങ്കേതികസംജ്ഞ യാണ്:

A) അനാക്രോണിസം  B) കഥാസ്ട്രഫി
C) കൺടാമിനേഷൻ  D) ഫാബുല

18. ഈ ജന്മത്തിലെ സംസ്കാരത്തിൽനിന്ന് ലഭിക്കുന്ന പ്രതിഭയ്ക്ക് രാജശേഖരൻ നൽകിയ പേരെന്ത്?

A) സഹജ  B) ആഹാര്യ
C) ഔപദേശികി  D) നിപുണത

19. "കീർത്തി ശത്രുക്കളോടൊത്തു
കടന്നു പല ദിക്കുകൾ"
-ഏത് അലങ്കാരത്തിന്റെ ഉദാഹരണമാണത്?

A) സഹോക്തി  B) സമുച്ചയം  C) സമം  D) ദീപകം

20. കാൾഡ്വലിന്റെ നിരീക്ഷണങ്ങളിൽ ഏറ്റവും വിമർശനവിധേയമായത്?

A) കിഴക്ക്, മേക്ക് എന്നീ പദങ്ങളെ ആസ്പദമാക്കിയുള്ള മലയാള ഭാഷോല്പത്തി വാദം
B) ദ്രാവിഡഭാഷകളുടെ പൊതുസ്വഭാവങ്ങളെക്കുറിച്ചുള്ള അഭിപ്രായം
C) ദ്രാവിഡഭാഷകളുടെ സിഥിയൻ ബന്ധം
D) മലയാളത്തിലെ 'അം' പ്രത്യത്തെക്കുറിച്ചുള്ള അഭിപ്രായം

21. അവധാരണാർത്ഥത്തിൽ വാക്യം രചിക്കാൻ ഉപയോഗിക്കുന്ന ശൂന്യാർത്ഥ സഹായക ക്രിയയാണ്

A) ആകുന്നു  B) ആണ്  C) അത്രെ  D) ഉള്ളു

22. ഭിന്ന സ്വനിമങ്ങൾ ഒരേ ശാബ്ദികപരിസരത്തു വരുമ്പോഴും അർത്ഥവ്യത്യാസ-മുണ്ടാക്കുന്നില്ലെങ്കിൽ അതിനുപറയുന്ന പേരാണ്

A) പൂരകബന്ധം  B) വ്യത്യയബന്ധം
C) സഹോച്ചാരണം  D) സ്വതന്ത്രപരിവർത്തനം

23. "ഇപ്പോഴത്തെ നിലയിൽ സംസ്കൃതത്തിന്റെ മണിയം പലതും മലയാളഭാഷയിൽ കയറി ഫലിച്ചിട്ടുണ്ടെങ്കിലും അസ്തിവാരവും മേല്പുരയും ഇന്നും തമിഴു പ്രതിഷ്ഠിച്ചിട്ടുള്ളതു തന്നെയാണ്" ആരുടെ അഭിപ്രായമാണിത്?

A) എ.ആർ. രാജരാജവർമ്മ  B) പി. ശങ്കരൻ നമ്പ്യാർ
C) ഇളംകുളം കുഞ്ഞൻപിള്ള  D) എസ്.വി. ഷണ്മുഖം

24. "സമാസേ ചാങ്ങാദീനാം" എന്ന സൂത്രത്തിന് ഉദാഹരണം ഏത്?

A) അഞ്ഞാൺ  B) അക്കുടം  C) ആനക്കാട്  D) പൂന്തേൻ

25. കാവാലം നാരായണപ്പണിക്കർ ഏറ്റവും ഒടുവിൽ ഗാനരചന നിർവഹിച്ച മലയാള സിനിമ ഏത്?

A) ഒപ്പം  B) ആമേൻ
C) സെല്ലുലോയ്ഡ്  D) ഒഴിമുറി

26. കേരള ഫോക്‌ലോർ അക്കാദമി പ്രസിദ്ധീകരിക്കുന്ന മാസികയാണ്

A) പൊലി B) കേളി
C) കേരള ഫോക്‌ലോർ D) സ്പന്ദനം

27. ചേരുംപടി ചേർക്കുക

a. വയലാർ രാമവർമ്മ 1 ചന്ദ്രിക
b. പി. ഭാസ്കരൻ 2 കാട്ടുമല്ലിക
c. ഒ.എൻ.വി. കുറുപ്പ് 3 വെള്ളിനക്ഷത്രം
d. ശ്രീകുമാരൻ തമ്പി 4 ശ്രീഗുരുവായൂരപ്പൻ
5 കൂടപ്പിറപ്പ്

A) a-2, b-3, c-1, d-5 B) a-5, b-3, c-1, d-4
C) a-5, b-1, c-4, d-2 D) a-3, b-1, c-5, d-2

28. 'വേരിതിഴക്കിനെ തമിഴ്ക്കവി പടൈത്ത മുനി' എന്ന് രാമചരിതത്തിൽ സ്തുതിക്കുന്നത് ആരെയാണ്?

A) അഗസ്ത്യൻ B) തിരുവള്ളുവർ
C) നമ്മാഴ്വാർ D) മാണിക്കവാചകർ

29. "സ്വപ്നത്തിൽ മധുരം തന്ന
രക്തസാക്ഷിയാണെന്റച്ഛൻ"
-ഏതു കവിയുടെ പിതൃസ്മരണയാണിത്?

A) ബാലചന്ദ്രൻ ചുള്ളിക്കാട് B) എസ്. ജോസഫ്
C) ഡി. വിനയചന്ദ്രൻ D) എ. അയ്യപ്പൻ

30. ക്രിയയ്ക്കുപകരമായി വചനം എന്ന സാങ്കേതികസംജ്ഞ ഉപയോഗിച്ചിട്ടുള്ളത് ഏത് വ്യാകരണഗ്രന്ഥത്തിലാണ്?

A) കേരളകൗമുദി B) മലയാഴ്മയുടെ വ്യാകരണം
C) വ്യാകരണമിത്രം D) കേരളഭാഷാവ്യാകരണം

31. 'ചന്ദ്രകല' എന്ന പദത്തിലെ 'ക'കാരം ഇരട്ടിക്കാത്തതിനു കാരണം

A) പൂർവപദം ധാതുവായതിനാൽ
B) അലുപ്തസമാസമായതിനാൽ
C) വിശേഷണവിശേഷ്യഭാവത്തിൽ സമാസിക്കാത്തതിനാൽ
D) ഭാഷാസന്ധിനിയമം ബാധകമല്ലാത്തതിനാൽ

32. മലയാളഭാഷയുടെ ഉല്പത്തി പൂർവതമിഴ്-മലയാളത്തിൽ നിന്നാണെന്ന് വാദിച്ചത് ഇവരിൽ ആരാണ്?

A) എൽ.എ. രവിവർമ്മ
B) എ. ഗോവിന്ദൻകുട്ടി
C) എൽ.വി. രാമസ്വാമിഅയ്യർ
D) ഡോ. കെ. ഗോദവർമ്മ

33. അർത്ഥസാമീപ്യ(Metonymy)ത്തിന് ഉദാഹരണം ഏത്?

A) അസുരവിത്ത് B) ചട്ടമ്പി

C) പ്രവീണൻ D) ഗംഭീരം

34. കൈക്കുളങ്കര രാമവാര്യർ ബാലപ്രിയ എന്ന പേരിൽ വ്യാഖ്യാനം തയ്യാറാക്കിയത് ഏത് ഗ്രന്ഥത്തിനാണ്?

A) സിദ്ധാന്തകൗമുദി B) ജാതകാഭരണം

C) അമരകോശം D) അഷ്ടാംഗഹൃദയം

35. മലയാളത്തിലെ ബ്ലോഗുകഥകളുടെ സവിശേഷതകളിൽ ശരിയായത് ഏത്?

1. ലളിതമായ ആഖ്യാനശൈലി
2. അതിശയോക്തിപരവും വിഭ്രമാത്മകവുമായ ഇതിവൃത്തം
3. ലൈംഗികതയുടെ തുറന്നെഴുത്തുകൾ

A) 1 മാത്രം ശരി B) 1 ഉം, 2 ഉം ശരി

C) 1 ഉം, 3 ഉം ശരി D) 2 ഉം, 3 ഉം ശരി

36. ചരിത്രവും ഗണിതശാസ്ത്രവും ലൈംഗികതയും കേന്ദ്രപ്രമേയങ്ങളായി വരുന്ന നോവൽ ഇവയിൽ ഏതാണ്?

A) മനുഷ്യന് ഒരു ആമുഖം B) ഫ്രാൻസിസ് ഇട്ടിക്കോര

C) അന്ധകാരനഴി D) മുകിലൻ

37. പുലപ്പേടിയെപ്പ്റ്റി രേഖപ്പെടുത്തിയ ആദ്യ വിദേശസഞ്ചാരി ആരാണ്?

A) ടോളമി B) ഇബൻബത്തൂത്ത

C) നിക്കോളോ കോണ്ടി D) ബർബോസ

38. ഓണത്തെക്കുറിച്ച് പരാമർശമുള്ള സംഘംകൃതി ഏത്?

A) മധുരൈക്കാഞ്ചി B) ചിലപ്പതികാരം C) മണിമേഖല D) പതിറ്റുപ്പത്ത്

39. 'ജാതിവേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്' എന്ന സന്ദേശം ആരുടേതാണ്?

A) ജോസഫ് ഇടമറുക് B) സഹോദരൻ അയ്യപ്പൻ

C) കരുണാകരഗുരു D) കുറ്റിപ്പുഴ കൃഷ്ണപിള്ള

40. വാണിജ്യാവശ്യങ്ങൾക്കായി കേരളത്തിലെത്തിയ ആദ്യത്തെ ഇംഗ്ലീഷുകാരൻ ഇവരിൽ ആരാണ്?

A) റാൽഫ് ഫിച്ച് B) ജയിംസ് ലങ്കാസ്റ്റർ

C) ക്യാപ്റ്റൻ കീലിംഗ് D) ഗീഫോർഡ്

41. 'ഗുരുവൊന്നെങ്കിലും വേണം മാറാതോരോഗണത്തിലും' എന്ന നിയമം കൃത്യമായി പാലിച്ചാൽ കേകവൃത്തത്തിലെ ഓരോ വരിയിലും ഏറ്റവും കുറഞ്ഞത് എത്ര മാത്രയുണ്ടായിരിക്കും?

A) 14 B) 16 C) 20 D) 22

42. കൃതി (Work), പാഠം (Text) എന്നിവയെ വേറിട്ടു കാണുന്നത് ഏതു വിമർശനപദ്ധതിയിലാണ്?

A) ഘടനാവാദം B) ഉത്തരഘടനാവാദം
C) അപനിർമ്മാണം D) ചിഹ്നവിജ്ഞാനീയം

43. ചേരുംപടി ചേർക്കുക

| | |
|---|---|
| a. Seven types of Ambiguity | 1. ഉമ്പർട്ടോ എക്കോ |
| b. Aspects of the novel | 2. ഐ.എ. റിച്ചാർഡ്സ് |
| c. On Literature | 3. വില്യം എംപ്സൺ |
| d. Practical Criticism | 4. മാത്യു അർണോൾഡ് |
| | 5. ഇ.എം. ഫോസ്റ്റർ |

A) a-4, b-1, c-5, d-3 B) a-3, b-5, c-4, d-2
C) a-3, b-5, c-1, d-2 D) a-2, b-5, c-1, d-3

44. ടാഗോറിന്റെ 'ഗീതാഞ്ജലി' മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടില്ലാത്തത് ഇവരിൽ ആരാണ്?
A) ചങ്ങമ്പുഴ കൃഷ്ണപിള്ള B) കുണ്ടൂർ നാരായണമേനോൻ
C) നിത്യചൈതന്യയതി D) കെ. ജയകുമാർ

45. ചേരുംപടി ചേർക്കുക

| | |
|---|---|
| a. ജലസേചനം | 1 കന്നിക്കൊയ്ത്ത് |
| b. സഹ്യന്റെ മകൻ | 2 കടൽക്കാക്കകൾ |
| c. സർപ്പക്കാട് | 3 കയ്പവല്ലരി |
| d. കണ്ണീർപ്പാടം | 4 ശ്രീരേഖ |
| | 5 വിത്തും കൈക്കോട്ടും |

A) a -3, b-1, c-4, d-5 B) a -4, b-1, c-5, d-2
C) a-4, b-3, c-1, d-2 D) a-5, b-4, c-1, d-3

46. തളിപ്പറമ്പ് രാമനെഴുത്തച്ഛൻ രചിച്ച സന്ദേശകാവ്യം ഏത്?
A) ദാത്യൂഹസന്ദേശം B) ഭൃംഗസന്ദേശം
C) കപോതസന്ദേശം D) ഭ്രമരസന്ദേശം

47. കല്ലൂർ ഉമ്മൻ ഫിലിപ്പോസ് രചിച്ച 'ആൾമാറാട്ട'ത്തിന്റെ മറ്റൊരു പേരെന്താണ്?
A) പരിഷ്കാരപ്പാതി B) അബദ്ധപഞ്ചാംഗം
C) ഒരു നല്ല കേളീസല്ലാപം D) പറങ്ങോടീപരിണയം

48. മലയാളത്തിൽ പുരാണേതിഹാസസംബന്ധിയായ കഥകൾ രചിച്ച കഥാകാരിയാണ്
A) കെ.എം. രാധ B) കെ.ആർ. മല്ലിക
C) പി.ആർ. ശ്യാമള D) കെ.ബി. ശ്രീദേവി

49. മലയാളത്തിലെ ആദ്യസിനിമയായ 'വിഗതകുമാര'നിലെ നായിക പി.കെ. റോസി യുടെ ജീവിതം ആവിഷ്കരിക്കുന്ന 'നഷ്ടനായിക' എന്ന നോവൽ രചിച്ചതാര്?
A) ടി.പി. രാജീവൻ B) ഇ. സന്തോഷ്കുമാർ

C) യു.കെ. കുമാരൻ D) വിനു എബ്രഹാം

50. ഇബ്സന്റെ ഒന്നിലേറെ നാടകങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ഇവരിൽ ആരാണ്?

A) ഇം.എം. കോവൂർ B) സി.ജെ. തോമസ്
C) സി. നാരായണപിള്ള D) കേസരി ബാലകൃഷ്ണപിള്ള

51. ഇബ്രാഹിം വേങ്ങരയുടെ ചിരന്തന തിയേറ്റേഴ്സിനുവേണ്ടി മാധവിക്കുട്ടി രചിച്ച നാടകമാണ്

A) കല്യാണസാരി B) ദേവദൂതി
C) മാധവിവർമ്മ D) സ്നേഹാരാമം

52. ദക്ഷിണകേരളത്തിൽ പ്രചാരത്തിലുള്ള അനുഷ്ഠാനപരമായ ആയോധനകലയാണ്

A) പടയണി B) വേലകളി C) പാനേങ്കളി D) പൂരക്കളി

53. മോഹിനിയാട്ടത്തെക്കുറിച്ച് രേഖാമൂലമുള്ള പരാമർശം ആദ്യമായി കാണുന്നത് ഏത് ഗ്രന്ഥത്തിലാണ്?

A) ഭാഷാകൗടലീയം B) ബ്രഹ്മാണ്ഡപുരാണം
C) വ്യവഹാരമാല D) കേരളോല്പത്തി

54. ഗണനിയമമനുസരിച്ചുനോക്കിയാൽ മാത്രാവൃത്തങ്ങളിൽ പ്രവേശമുള്ള ഗണങ്ങൾ ഏതെല്ലാമാണ്?

A) യഗണം, രഗണം, തഗണം
B) യഗണം, ജഗണം, സഗണം
C) ഭഗണം, ജഗണം, സഗണം
D) രഗണം, തഗണം, ഭഗണം

55. 'നല്ലേഴാമെടമുണ്ടെങ്കിലില്ലംതാനിന്ദ്രലോകം' എന്ന വരിയിലെ 'ഏഴാമെടം' എന്ന പ്രയോഗം ഏത് പദദോഷത്തിന് ഉദാഹരണമാണ്?

A) അവാചകം B) അപ്രതീതം
C) നേയാർത്ഥം D) അനുചിതാർത്ഥം

56. 'പാടേ നരച്ചുള്ള ശിരസ്സുപൊക്കി
നോക്കുന്ന ഗൗരീഗുരുവാം ഗിരീന്ദ്രൻ
ദൗഹിത്രനേല്ക്കും ദുരവസ്ഥയിങ്കൽ-
പ്പകച്ചുനില്കുന്നതുപോലെ കാണായ്' - അലങ്കാരമെന്ത്?

A) പ്രതിവസ്തൂപമ B) കാവ്യലിംഗം
C) ഉപമ D) ഉൽപ്രേക്ഷ

57. വ്ലാഡിമിർ പ്രോപ്പ് ഏത് സാഹിത്യസിദ്ധാന്തവുമായി ബന്ധപ്പെട്ട വ്യക്തിയാണ്?

A) ആഖ്യാനവിജ്ഞാനം B) ചിഹ്നവിജ്ഞാനം
C) ശൈലീവിജ്ഞാനം D) ഘടനാവാദം

58. ശരിയായ പ്രസ്താവന ഏത്?

1. സർവനാമങ്ങൾക്ക് സംബോധനാരൂപങ്ങളില്ല
2. വാക്യാരംഭത്തിൽ മാത്രമേ സംബോധന വരുകയുള്ളൂ

3. സംബോധനയ്ക്ക് കാരകബന്ധം ഇല്ല

A) 1 മാത്രം ശരി B) 1 ഉം, 2 ഉം ശരി
C) 1 ഉം, 3 ഉം ശരി D) 2 ഉം, 3 ഉം ശരി

59. 'ഷഷ്ഠം സമാസേ വാലുപ്യതേ' എന്ന ലീലാതിലകസൂത്രത്തിന് ഉദാഹരണമാണ്
A) കടലാന B) മലയിഞ്ചി
C) പുലികൊന്റു D) പുലിവാൽ

60. ചേരുംപടി ചേർക്കുക

| | |
|---|---|
| a മലയാളശൈലീനിഘണ്ടു | 1 ആർ. നാരായണപ്പണിക്കർ |
| b നവയുഗഭാഷാനിഘണ്ടു | 2 സി. മാധവൻപിള്ള |
| c പച്ചമലയാളനിഘണ്ടു | 3 എസ്. ഗുപ്തൻ നായർ |
| d. അഭിനവമലയാളനിഘണ്ടു | 4 ടി. രാമലിംഗംപിള്ള |
| | 5 സുമംഗല |

A) a-4, b-3, c-1, d-5 B) a-4, b-1, c-5, d-2
C) a-3, b-4, c-5, d-1 D) a-2, b-3, c-4, d-1

61. ഏത് പാട്ടുകൃതിയുടെ പൂർണ്ണരൂപമാണ് ഗുണ്ടർട്ടിന്റെ ഗ്രന്ഥശേഖരത്തിൽനിന്ന് കണ്ടെത്തിയത്?
A) രാമചരിതം B) തിരുനിഴൽമാല
C) പയ്യന്നൂർപാട്ട് D) കൃഷ്ണഗാഥ

62. "വിത്തനാഥന്റെ ബേബിക്കു പാലും
നിർദ്ധനച്ചെറുക്കന്നുമിനീരും
ഈശ്വരേച്ഛയ, ല്ലാകി, ലമ്മട്ടു
ള്ളീശ്വരനെച്ചവിട്ടുക നമ്മൾ"
-ഇങ്ങനെ ആഹ്വാനം ചെയ്തത് ആര്?

A) ചങ്ങമ്പുഴ B) ഇടശ്ശേരി
C) വയലാർ രാമവർമ്മ D) പി. ഭാസ്കരൻ

63. ശ്രീകുമാരൻതമ്പി രചിച്ച സിനിമാഗാനങ്ങളുടെ സമഹാരമായ 'ഹൃദയസരസ്സി'ന് അവതാരിക എഴുതിയത് ആര്?
A) പി. ഭാസ്കരൻ B) ഒ.എൻ.വി. കുറുപ്പ്
C) ടി.പി. ശാസ്തമംഗലം D) എം.കെ. അർജ്ജുനൻ

64. സി. രാധാകൃഷ്ണന്റെ 'പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും' എന്ന നോവലിന്റെ പ്രമേയം
A) പാരിസ്ഥിതികപ്രശ്നങ്ങൾ
B) രാഷ്ട്രീയരംഗത്തെ അഴിമതികൾ

C) ആദിവാസികളുടെ ജീവിതം

D) ശാസ്ത്രഗവേഷണരംഗത്തെ കെടുകാര്യസ്ഥത

65. ചേരുംപടി ചേർക്കുക

| | |
|---|---|
| a. കവനോദയം | 1 കൊച്ചി രാമവർമ്മ അപ്പൻതമ്പുരാൻ |
| b. രസികരഞ്ജിനി | 2 സി.പി. അച്യുതമേനോൻ |
| c. കവനകൗമുദി | 3 കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ |
| d. വിദ്യാവിനോദിനി | 4 അപ്പു നെടുങ്ങാടി |
| | 5 പന്തളം കേരളവർമ്മ |

A) a-3, b-1, c-5, d-2 B) a-5, b-3, c-1, d-2

C) a-1, b-2, c-4, d-5 D) a-2, b-1, c-5, d-3

66. 'പി. ഭാസ്കരൻ: ഉറങ്ങാത്ത തംബുരു' എന്ന ജീവചരിത്രകൃതി രചിച്ചതാര്?

A) എം.കെ. സാനു

B) വി.ടി. മുരളി

C) പെരുമ്പുഴ ഗോപാലകൃഷ്ണൻ

D) രവിമേനോൻ

67. താഴെപ്പറയുന്ന സവിശേഷതകളെല്ലാം പ്രകടമാകുന്നത് ആരുടെ ചെറുകഥകളിലാണ്?

1. നോവലിന്റെ രചനാരീതിയാണ് പൊതുവെ അവലംബിക്കുന്നത്
2. സംഭവങ്ങളുടെ ബാഹുല്യവും കാലദൈർഘ്യവും
3. അവിശ്വസനീയവും അസ്വാഭാവികവുമായ സാങ്കല്പിക കഥകൾ
4. ഇടയ്ക്കിടെ ശ്ലോകങ്ങളും കാവ്യഭാവങ്ങളും ഉദ്ധരിച്ച് രസകരമായി കഥ പറഞ്ഞു പോകുന്ന രീതി

A) വേങ്ങയിൽ കുഞ്ഞിരാമൻനായനാർ

B) ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ

C) സി.എസ്. ഗോപാലപ്പണിക്കർ

D) മൂർക്കോത്ത് കുമാരൻ

68. 'ഉണ്ണുനീലിസന്ദേശ'ത്തിലെ അടയാളവാക്യത്തിൽ പരാമർശിക്കുന്ന 'ഇരുവംകൂത്ത്' എന്താണ്?

A) കൂടിയാട്ടം B) ചാക്യാർകൂത്ത്

C) നങ്ങ്യാർകൂത്ത് D) തോൽപ്പാവക്കൂത്ത്

69. പി.ജെ. ആന്റണി രചിച്ച നാടകം ഇവയിൽ ഏതാണ്?

A) ഡയോജനീസ് B) സോഫോക്ലിസ്

C) അലക്സാണ്ടർ D) സോക്രട്ടീസ്

70. ആട്ടക്കഥയും തുള്ളൽകൃതിയും രചിച്ചത് ഇവരിൽ ആരാണ്?

A) ഇരയിമ്മൻ തമ്പി B) കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ

C) ഉണ്ണായിവാര്യർ D) ഒ.എം. അനുജൻ

71. താഴെ കൊടുക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ കലാരൂപത്തെ തിരിച്ചറിയുക

1. താണ്ഡവപ്രധാനമായ ചുവടുകൾ
2. തമിഴുകലർന്ന ഭാഷ
3. കണ്ണഞ്ചിപ്പിക്കുന്ന വേഷവിധാനം
4. ചെണ്ട, മദ്ദളം, ഇലത്താളം എന്നിവ പ്രധാന വാദ്യോപകരണങ്ങൾ

A) കാക്കാരിശ്ശിനാടകം B) ചവിട്ടുനാടകം
C) കോൽക്കളി D) മാർഗ്ഗംകളി

72. ദ്രാവിഡഗോത്രത്തിൽ ഉൾപ്പെടാത്ത ഭാഷ ഇവയിൽ ഏതാണ്?
A) മാൾട്ടോ B) നേവാരി C) കോലാമി D) ബഡഗ

73. കവിതയെക്കുറിച്ചുള്ള ബനഡിത്തോ ക്രോച്ചെയുടെ സങ്കല്പമെന്ത്?
A) വികാരത്തിന്റെ കവിഞ്ഞൊഴുകൽ
B) പ്രകൃതിയുടെ അനുകരണം
C) അന്തർജ്ഞാനത്തിന്റെ ആവിഷ്കാരം
D) സ്വാനുഭവത്തിന്റെ ആവിഷ്കാരം

74. 'ഗദ്യം കവീനാം നികഷം വദന്തി'-ഇങ്ങനെ പറഞ്ഞത് ആര്?
A) വാമനൻ B) ഭാമഹൻ C) രാജശേഖരൻ D) കുന്തകൻ

75. മലയാളത്തിനെ ആദ്യത്തെ സംഗീത നാടകം ഏത് ?
A) സംഗീതനൈഷധം B) സദാരാമ
C) കരുണ D) കോവിലൻ ചരിതം

76. ഒരു പദത്തിലെ രണ്ടു ശബ്ദങ്ങൾ പരസ്പരം സ്ഥാനം മാറിയിരിക്കുന്നതിന് പറയുന്ന പേര് ?
A) വർണ്ണവിപര്യയം B) സവർണ്ണനം
C) വിഷമീകരണം D) അന്യലോപം

77. എഴുത്ത് ഭാഷണത്തിന്റെ മുന്നുപാധിയാണെന്ന് പറഞ്ഞതാര് ?
A) ദറിദ B) ലക്കാൻ C) സസ്യൂർ D) ബാർത്ത്

78. "പ്രേതലോകം വലുതായി; നമുക്കിടം തീരെച്ചെറുതായ്, ശ്വസിക്കലേമൃത്യുവായ്" ഏത് കവിതയിലെ വാക്യം ?
A) ഒരു തോണിയാത്ര
B) ഇരുപത് വയസ്സായ മകൾക്ക് ഒരു താരാട്ട്
C) ബിംബിസാരന്റെ ഇടയൻ
D) ഈഴവോദ്ബോധനം

79. ലീലാതിലകം ഖണ്ഡശ്ശ പ്രസിദ്ധീകരിച്ച മാസിക എത് ?
A) മലയാളി B) പശ്ചിമോദയം
C) വിദ്യാവിനോദിനി D) രസികരഞ്ജിനി

80. കുടിയൊഴിക്കലിന് ഒരു ഗ്രീക്ക് ദുരന്തനാടകത്തിന്റെ ഏകതാനവിശുദ്ധിയുണ്ടെന്ന് അഭിപ്രായപ്പെട്ടതാര് ?

A) മുണ്ടശ്ശേരി B) മാരാർ

C) സുകുമാർ അഴിക്കോട് D) എൻ വി കൃഷ്ണവാര്യർ

81. വിലപേശിയാൽ തല കാണില്ല

''പാർത്ഥനായാലും പാർത്ഥസാരഥി ആയാലും'' ഏത് കവിതയിലെ വരികൾ ?

A) ശിഖണ്ഡികൾ B) പാർക്കിൽ

C) മലയിടിച്ചിൽ D) പോത്ത്

82. കാവ്യമെന്ന നിലയിലും വിപ്ളവ കാവ്യമെന്ന നിലയിലും ഒരുപോലെ പരാജയമാണ് ദുരവസ്ഥ എന്ന് പറഞ്ഞതാര് ?

A) കുട്ടികൃഷ്ണമാരാർ

B) സി ഉണ്ണികൃഷ്ണൻ നായർ

C) പി കെ ബാലകൃഷ്ണൻ നായർ

D) എം.പി പോൾ

83. കേരളത്തിൽ പ്രൊഫഷണൽ നാടക സങ്കൽപത്തിന് നല്ല പ്രചാരം നേടിക്കൊടുത്ത ആദ്യകാല നാടകകമ്പനി എത്?

A) കെ.പി.എ.സി B) ബ്രദേഴ്സ് മ്യൂസിക് ക്ളബ്

C) മനോമോഹനം കമ്പനി D) കേരളകലാവേദി തൃശ്ശൂർ

84. ആധുനിക നാടകത്തിന്റെ പിതാവെന്ന് വിശേഷിപ്പിക്കുന്നതാരെ?

A) ആന്റൻ ചെക്കോവ് B) ഹെന്റിക് ഇബ്സൻ

C) സ്ട്രീൻ ബർഗ്ഗ് D) ലൂയി പിരൻഡലോ

85. ബഷീറിന്റെ ശബ്ദങ്ങൾക്ക് അവതാരിക എഴുതിയതാര്?

A) എം. അച്യൂതൻ B) വിലാസിനി

C) കുറ്റിപ്പുഴ കൃഷ്ണപിള്ള D) കേസരി ബാലകൃഷ്ണപ്പിള്ള

86. കാര്യം : അനുനാസികങ്ങളും മാധ്യമങ്ങളും ശിഥിലങ്ങളാണ്

കാരണം :. 1. ഉച്ചാരണത്തിൽ കടുപ്പമില്ലാത്തതുകൊണ്ട്

2. സ്പർശങ്ങളാകയാൽ?

A) കാര്യവും കാരണം 1. ഉം ശരി

B) കാര്യവും കാരണങ്ങളും ശരി

C) കാര്യവും കാരണം 2 ഉം ശരി

D) കാര്യവും കാരണങ്ങളും ശരിയല്ല

87. കുമാരനാശാന്റെ ആത്മാംശമുള്ള കവിത ഏത് ?

A) ഒരു സിംഹ പ്രസവം B) ഗ്രാമവൃക്ഷത്തിലെ കുയിൽ

C) വീണപൂവ് D) ലീല

88. പ്രാചീനകേരളത്തിലെ യഹൂദ വ്യാപാരികളുടെ കൂട്ടായ്മ ഏതായിരുന്നു ?

A) അഞ്ചുവണ്ണം B) പരദേശി

C) മണിഗ്രാമം D) വളഞ്ചിയർ

89. ചേരും പടി ചേർക്കുക

| | |
|---|---|
| a. രണ്ടിടങ്ങഴി | 1) കേശവപിള്ള |
| b. തോട്ടിയുടെ മകൻ | 2) പാറുക്കുട്ടി |
| c. ഏണിപ്പടികൾ | 3) ചിരുത |
| d. ത്യാഗത്തിനു പ്രതിഫലം | 4) കറുത്തമ്മ |
| | 5) മോഹനൻ |

A) a-5, b-2, c-1, d-4 B) a-1, b-5, c-2, d-3

C) a-3, b-5, c-1, d-2 D) a-3, b-4, c-1, d-2

90. തണൽമരം എന്ന പദത്തിന്റെ സമാസം ഏത് ?

A) ദ്വന്ദ്വൻ B) മധ്യപദ ലോപി

C) കർമ്മധാരയൻ D) ദ്വിഗു

91. "നാലഞ്ചുഭർത്താവൊരുത്തിക്കുതാനതു

നാലുജാതിക്കും വിധിച്ചതല്ലതോർക്കണം" ഈ വരികൾ ഉൾപ്പെടുന്ന കൃതി ഏത് ?

A) കല്യാണസൗഗന്ധികം തുള്ളൽ

B) കല്യാണസൗഗന്ധികം ആട്ടക്കഥ

C) ഗണപതിപ്രാതൽ

D) ധ്രുവചരിതം തുള്ളൽ

92. ബൈസിക്കിൾ റിയലിസം ആരെഴുതിയ കഥയാണ് ?

A) കരുണാകരൻ B) ബി മുരളി

C) സന്തോഷ് എച്ചിക്കാനം D) എസ് ഹരീഷ്

93. വാക്കുകളും വ്യാകരണനിയമങ്ങളുമെല്ലാം ചേർന്ന ഭാഷാ സ്വരൂപം ?

A) പരോൾ B) ലാംങ് C) സൂചകം D) സൂചിതം

94. ട്രാജഡിയിൽ അരിസ്റ്റോട്ടിൽ പ്രാധാന്യം നല്കുന്നത് ഏതിന് ?

A) കഥാപാത്രത്തിന് B) ഇതിവൃത്തത്തിന്

C) ഭാഷക്ക് D) വർണ്ണനക്ക്

95. 'ദൈവദശകം' എന്ന കൃതിയുടെ കർത്താവ് ?

A) ശ്രീ നാരായണ ഗുരു B) ശങ്കരാചാര്യർ

C) ചട്ടമ്പിസ്വാമികൾ D) കുമാരനാശാൻ

96. കർമ്മത്താൽ വിശേഷിക്കപ്പെടുന്ന ക്രിയ ?

A) വിശിഷ്ടക്രിയ B) അകർമ്മകക്രിയ

C) പ്രയോജകക്രിയ D) സകർമ്മക ക്രിയ

97. പുലപ്പേടിയും മണ്ണാപ്പേടിയും നിരോധിച്ച ഭരണാധികാരി ആര് ?

| | | | |
|---|---|---|---|
| A) | കോട്ടയം കേരള വർമ്മ | B) | സ്വാതി തിരുനാൾ |
| C) | ഉമയമ്മ റാണി | D) | പഴശ്ശിരാജ |

98. "ഹന്ത പഴകിയശീലംപോലൊരു
ബന്ധനമുണ്ടോ ലോകത്തിൽ" കവിത ഏത് ?

| | | | |
|---|---|---|---|
| A) | വിയുക്ത | B) | സത്യദർശനം |
| C) | കൃഷ്ണാഷ്ടമി | D) | മരുഭൂമിയുടെ കിനാവുകൾ |

99. പാട്ടബാക്കി എഴുതാൻ കെ ദാമോദരനെ പ്രേരിപ്പിച്ച രാഷ്ട്രീയ നേതാവ് ആര് ?

| | | | |
|---|---|---|---|
| A) | ഇ എം എസ്സ് | B) | എ.കെ.ജി |
| C) | കെ കേളപ്പൻ | D) | സി കേശവൻ |

100. നിർമ്മാണ ശക്തിയായ ദ്വിതീയ ഭാവനയെപ്പറ്റി പറഞ്ഞതാര് ?

| | | | |
|---|---|---|---|
| A) | അരിസ്റ്റോട്ടിൽ | B) | ഐ.എ റിച്ചാർഡ്സ് |
| C) | ബൈറൻ | D) | കോളറിഡ്ജ് |

101. രസഗംഗാധരത്തിന്റെ കർത്താവാര് ?

| | | | |
|---|---|---|---|
| A) | ഭാമഹൻ | B) | ദണ്ഡി |
| C) | ജഗന്നാഥപണ്ഡിതൻ | D) | കുന്തകൻ |

102. അശ്ലീലം വരുത്തിവെച്ച വിന - ഒരു ദുരന്തസംഭവം - ആരുടെ കഥ ?

| | | | |
|---|---|---|---|
| A) | പ്രിയ എ എസ് | B) | കെ ആർ മീര |
| C) | ബി മുരളി | D) | സക്കറിയ |

103. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| a. | ടി വി കൊച്ചുബാവ | 1) | ഓർമ്മയുടെ ഞരമ്പ് |
| b. | പി കെ നാണു | 2) | ഉള്ളാർ |
| c. | കെ ആർ മീര | 3) | ഒറ്റപ്പെട്ട മനുഷ്യൻ |
| d. | പി വി ഷാജികുമാർ | 4) | ചട്ടമ്പിസദ്യ |
| | | 5) | ജലമാളിക |

| | | | |
|---|---|---|---|
| A) | a-3, b-2, c-1, d-4 | B) | a-5, b-1, c-4, d-2 |
| C) | a-5, b-3, c-1, d-2 | D) | a- 4, b-3, c-2, d-1 |

104. കുറിയേടത്ത് താത്രിയുടെ സ്മാർത്തവിചാരത്തെ അടിസ്ഥാനമാക്കി ലളിതാംബിക അന്തർജ്ജനം രചിച്ച കഥ ഏത് ?

| | | | |
|---|---|---|---|
| A) | മനുഷ്യർ മാത്രം | B) | വിധി ബലം |
| C) | പ്രതികാര ദേവത | D) | പ്രതിദ്ധ്വനി |

105. ചെമ്മീൻ എന്ന സിനിമക്ക് തിരക്കഥ എഴുതിയത് ആര് ?

A) എസ് എൽ പുരം സദാനന്ദൻ
B) ഉറൂബ്
C) തകഴി

D) പി ഭാസ്കരൻ

106. ഇനി ഞാൻ ഉറങ്ങട്ടെ എന്ന നോവൽ ആർക്കാണ് സമർപ്പിച്ചിട്ടുള്ളത് ?
A) എം.ടി ക്ക്
B) ലളിതാംബിക അന്തർജ്ജനത്തിന്
C) പുത്തേഴത്ത് രാമൻ മേനോന്
D) ഒ ചന്തുമേനോന്

107. പാലിയം ചെപ്പേട് ഏത് ലിപിയിലാണ് എഴുതിയിട്ടുള്ളത് ?
A) വട്ടെഴുത്ത്  B) കോലെഴുത്ത്
C) പാലി  D) ദേവനാഗരി

108. അരങ്ങ് കാണാത്ത നടൻ ആരുടെ ആത്മകഥയാണ് ?
A) തിക്കോടിയന്റെ  B) തോപ്പിൽ ഭാസിയുടെ
C) കാമ്പിശ്ശേരിയുടെ  D) എൻ എൻ പിള്ളയുടെ

109. തിരുത്ത് എന്ന പ്രസിദ്ധ കഥ എഴുതിയതാര്?
A) ടി പത്മനാഭൻ  B) എം.ടി
C) പി പത്മരാജൻ  D) എൻ എസ്സ് മാധവൻ

110. കുന്ദലത പ്രസിദ്ധീകരിച്ച വർഷം ?
A) 1896  B) 1885  C) 1887  D) 1890

111. കഥാർസിസിനെ വ്യാഖ്യാനിച്ച പണ്ഡിതൻ ആര് ?
A) അരിസ്റ്റോട്ടിൽ  B) ടി എസ്സ് എലിയട്ട്
C) ലോംഗിനസ്സ്  D) ഐ എ റിച്ചാഡ്സ്

112. ചേരുംപടി ചേർക്കുക.

| | |
|---|---|
| a ഭാഷാദർപ്പണം | 1) ശിരോമണി പി കൃഷ്ണൻ നായർ |
| b കാവ്യജീവിതവൃത്തി | 2) വടക്കുംകൂർ രാജരാജ വർമ്മ |
| c സാഹിതീസർവ്വസ്വം | 3) രസകൗമുദി |
| d കൈരളീധ്വനി | 4) ആറ്റൂർ കഷ്ണപ്പിഷാരടി |
| | 5) ഡോ.പി കെ നാരായണപ്പിള്ള |

A) a-4, b-1, c-2, d-5  B) a-4 ,b-2, c-5, d-3
C) a-1, b-4, c-5, d-3  D) a-2, b- 4, c-3, d-5

113. എപ്പിക്ക് തിയേറ്ററിന്റെ ഉപജ്ഞാതാവ് ആര് ?
A) ഗ്രോട്ടോവ്സ്കി  B) ഇബ്സൻ
C) സാമുവൽ ബെക്കറ്റ്  D) ബർതോൾട് ബ്രഹ്ത്

114. റിപ്പബ്ലിക്ക് എന്ന കൃതി എഴുതിയതാര് ?
A) അരിസ്റ്റോട്ടിൽ  B) പ്ലേറ്റോ
C) ക്രോച്ചേ  D) മാത്യൂ അർനോൾഡ്

115. തോട്ടിയുടെ മകൻ എന്ന നോവലിന്റെ അവതാരിക എഴുതിയതാര് ?

A) എം.പി. പോൾ B) എം.എൻ വിജയൻ

C) മുണ്ടശ്ശേരി D) മാരാർ

116. പെൺബുദ്ധി എന്ന കഥയെഴുതിയതാര് ?

A) കെ സരസ്വതിയമ്മ B) സാറാ ജോസ്സഫ്

C) സിതാര D) കെ ആർ മീര

117. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| a | കോകസ്ത്രീവിരഹത്തീയിൽ പുകയല്ലോതമസ്സിത് | 1) | രൂപകം |
| b | ഹന്ത ! ചന്ദ്രമുഖിക്കിന്നുചെന്തീ യായിതുചന്ദനം | 2) | രൂതാതിശയോക്തി |
| c | സരോജയുഗളം കാൺകെ ശരങ്ങൾചൊരുയുന്നിതാ | 3) | വിരോധാഭാസം |
| d | അപ്പത്തിൻ കോൽ എലിതിന്നുമ്പോ - ളപ്പത്തിൻകഥയെന്തുവാൻ | 4) | ഉൽപ്രേക്ഷ |
| | | 5) | അർത്ഥാപത്തി |

A) a-1, b-3, c-2, d-5 B) a-5, b-3 ,c-2, d-4

C) a-3, b-1, c-4, d-5 D) a-3, b-2, c-4 ,d-5

118. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| a | എഴുത്തുകാരന്റെ മരണം | 1) | ദറിദ |
| b | പാഠത്തിന്റെ സർവ്വപ്രാമാണ്യം | 2) | ലക്കാൾ |
| c | അബോധമനസ്സിന്റെ ഘടന ഭാഷയുടേതാണ് | 3) | ബാർത്ത് |
| d | ചിഹ്നശാസ്ത്ര പഠനം | 4) | ഉബർട്ടോഇക്കോ |
| | | 5) | യുങ് |

A) a- 4, b-1, c-2, d-5 B) a-3, b-4, c-2, d-1

C) a-3, b-1, c-2, d-4 D) a-5, b-1, c-2, d-3

119. മലയാളത്തിലെ ആദ്യ ആക്ഷേപഹാസ്യ നോവൽ ഏത് ?

A) പറങ്ങോടീപരിണയം B) ദൊരശ്ശിണി

C) പരിഷ്കാരപ്പാതി D) വിരുതൻ ശങ്കു

120. രാമരാജബഹദ്ദൂറിൽ പറപ്പാണ്ടയായി പ്രത്യക്ഷപ്പെടുന്ന കഥാപാത്രം ആര് ?

A) ചന്ദ്രക്കാരൻ B) വേലുക്കുറുപ്പ്

C) കാളിപ്രഭാവഭട്ടൻ D) പെരിഞ്ചക്കോടൻ